**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1719** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പാലക്കാട് ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ നവീകരണത്തിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വിശദമാക്കാമോ; നടത്തി വരുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങളും, അനുവദിച്ച തുകയും അറിയിക്കാമോ? | (എ) | 1 )ബഹു.മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പാലക്കാട് ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജിൽ സിവിൽ ബ്ലോക്ക്,ലൈബ്രറി ബ്ലോക്ക് എന്നിവ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.(സിവിൽ ബ്ലോക്ക്-165 ലക്ഷം,ലൈബ്രറി ബ്ലോക്ക്-320 ലക്ഷം)<br><br>2) ടി പോളിടെക്നിക് കോളേജിൽ പുതിയ കമ്പ്യൂട്ടർ ബ്ലോക്ക് നിർമ്മിക്കുന്നതിലേക്കായി 21.6.2021 തീയതിയിലെ സ.ഉ(സാധാ)നം.821/2021/ഉ.വി.വ പ്രകാരം 350 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ചു ഉത്തരവായിട്ടുണ്ട്.<br><br>3) ടി പോളിടെക്നിക്ക് കോളേജിൽ ഇലക്ട്രിക്കൽ എൻജിനീയറിങ് ബ്ലോക്ക് നിർമ്മിക്കുന്നതിലേക്കായി 21.6.2018 തീയതിയിലെ സ.ഉ(സാധാ)നം.1222/2018/ ഉ.വി.വ പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ചു ഉത്തരവായിട്ടുണ്ട്. ടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>4)16.12.2021 തീയതിയിലെ ഡി4/12992/21/ ഡി.ടി.ഇ നം ഉത്തരവ് പ്രകാരം ടി പോളിടെക്നിക്ക് കോളേജിൽ ഇന്റേണൽ റോഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി മണ്ണ് പരിശോധന നടത്തുന്നതിലേക്കായി 1,10,000/- രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ